DESPATCHED On..22.2.2020

1/1/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 837(*2*)/*2019*/**എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 6086/എസ്.ഐ.സി-ജി 6/2019)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. രാധാകൃഷ്ണൻ .എസ്.കെ**
**ആർ.കെ.ഹൗസ്, കാനാക്കോട്**
**ആനാവൂർ പി.ഒ-695124**
**തിരുവനന്തപുരം** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട് ആഫീസ് സെൻട്രൽ ജയിൽ ആന്റ് കറക്ഷണൽ ഹോം, തിരുവനന്തപുരം**

2. **അപ്പീൽ അധികാരി & ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് ഡയറക്ടർ,സിക്ക, തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 24.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 18.02.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഇനം 1ൽ ഹർജിക്കാരൻ ടി കാര്യാലയത്തിൽ S-75 APO ആയി ജോലി ചെയ്തിരുന്നുവെന്നും, എന്തു കാരണത്തിലാണ് 22.10.2018 മുതൽ ഡ്യൂട്ടി നൽകാത്തതെന്നും, ഇനം 2–ൽ APO S-12 എന്ന സുരേഷിനെ ജോലിക്ക് എടുത്തത് അന്വേഷണം അതായത് 20.10.2018 ലെ 10th block അടി നടന്ന (തടവുകാർ തമ്മിൽ) സംഭവത്തിലെ മേൽ നടപടി സ്വീകരിച്ചിട്ടാണോ ജോലിക്ക് തിരികെ പ്രവേശിപ്പിച്ചത് എന്നും, ആയതിന്റെ കോപ്പി തരണമെന്നും ഇനം 3–ൽ 20.10.2018 ന് 10th block S-75, S-12, S-71 എന്നിവർ ചേർന്ന് നൽകിയ റിപ്പോർട്ടും,FIR കോപ്പിയും ഇനം 4 ൽ 20.10.2018 ലെ PPO മാരുടെ റിപ്പോർട്ടിന്റെ കോപ്പിയും തടവുകാർ തമ്മിൽ അടി നടന്ന റിപ്പോർട്ടിന്റെ കോപ്പിയും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1–ന് അച്ചടക്കനടപടിയുടെ ഭാഗമായാണ് ടിയാനെ 25.10.2018 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതെന്നും ഇനം 2–ന് അസിസ്റ്റന്റ് പ്രിസൺ ഓഫീസർ S-12 ന്റെ പേരിൽ യാതൊരുവിധമായ റിപ്പോർട്ടും നൽകിയിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ലെന്നും ഇനം 3,4 ഇനങ്ങൾക്ക് വിവരാവകാശ നിയമത്തിലെ വകുപ്പ് 8 1(g) പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ പകർപ്പ് നല്കാനാവില്ലെന്നും തുടങ്ങി 7 ചോദ്യങ്ങൾക്കും ഉത്തരം നൽകി.

4. 24.01.2019 ന് ഹർജിക്കാരൻ നൽകിയ അപ്പീലിന് എതിർകക്ഷി 18.02.2019ന് മറുപടി നൽകുകയും ആയതിൽ ടി വിഷയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നൽകിയതിനാൽ ടി അപ്പീൽ നിരസിക്കുന്നുവെന്നറിയിച്ചു. 23.09.2019 ന് സമർപ്പിച്ച റിപ്പോർട്ടിലും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എല്ലാം നൽകിയെന്ന് എതിർകക്ഷി കമ്മീഷനെ അറിയിച്ചു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ടുകൾ

നൽകാവുന്നതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 01–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

res